## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ : 1983 04.05.2017-ൽ മറുപടിക്ക്**

**<u>അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിൽ അനിൽ അക്കരയുടെ വായ്പ എഴുതിതള്ളി എന്ന പരാതി</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിൽ അനിൽ അക്കരയുടെ വായ്പ എഴുതിതള്ളി എന്ന പരാതിയിൽ സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ നിയമസഭാംഗത്തിനെതിരെ അന്വേഷണം നടത്തുന്നതിനു മുമ്പായി നിയമസഭാസ്പീക്കറുടെ അനുമതി വാങ്ങിയിട്ടുണ്ടോ; അനുമതി ഉത്തരവിന്റെ പകർപ്പും അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ പേരും പദവിയും വ്യക്തമാക്കുമോ; | (ബി) | മുകളിൽ (എ) ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) | തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിൽ നിന്നും മുൻ നിയമസഭാ സാമാജികനായ ശ്രീ.ബാബു എം പാലിശ്ശേരി എന്ന ശങ്കരനാരായണനോ അല്ലെങ്കിൽ ബാങ്കിലെ ജീവനക്കാരിയായ ഭാര്യ ശ്രീമതി. ഇന്ദിരാ പ്രിയദർശിനിയോ ഏതെങ്കിലും വായ്പ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വായ്പയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) | ഉണ്ട്.<br><br>ശ്രീ. ബാബു.എം.പാലിശ്ശേരിയുടെ ഭാര്യയും ടി ബാങ്കിലെ ജീവനക്കാരിയുമായ ശ്രീമതി. ഇന്ദിരപ്രിയദർശിനി ടി ബാങ്കിലെ ജീവനക്കാർക്ക് അനുവദിക്കുന്ന 1,00,000/- രൂപയുടെ എംപ്ലോയീസ് ഓവർഡ്രാഫ്റ്റ് വായ്പ എടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അനിൽ അക്കരയ്ക്ക് നൽകിയിട്ടുള്ള വായ്പയ്ക്ക് സർക്കാരിന്റെ വിവിധ ഉത്തരവുകൾ പ്രകാരം പലിശ ഇളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പലിശ ഇളവ് നിയമാനുസൃതമാണോ; ഏത് ബ്രാഞ്ചിൽ നിന്നുമാണ് പലിശ ഇളവ് നൽകിയിട്ടുള്ളത്; ഈ ബ്രാഞ്ച് മാനേജരുടെ പേരു വിവരം വ്യക്തമാക്കുമോ; | (ഡി) | പലിശ ഇളവ് നൽകിയിട്ടുണ്ട്. ആയത് നിയമാനുസൃതമാണ്. മുതുവറ ബ്രാഞ്ചിൽ നിന്നുമാണ് പലിശ ഇളവ് നൽകിയിട്ടുള്ളത്.<br><br>ബ്രാഞ്ച് മാനേജരുടെ പേര് - ശ്രീമതി. ഇന്ദിരപ്രിയദർശിനി |
| (ഇ) | വായ്പ സംബന്ധിച്ച കേസ്സുകളിൽ സഹകരണ ആർബിട്രേഷൻ കോടതിവിധി പറഞ്ഞതിനു ശേഷം വീണ്ടും ആ തുകയ്ക്ക് പലിശ ഈടാക്കുന്നതിനു നിയമമുണ്ടോ; അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിൽ ഇത്തരത്തിൽ പലിശ ഏതെങ്കിലും കേസ്സിൽ ഈടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും തുക ഈടാക്കിയ ജീവനക്കാരന്റെ പേരും പദവിയും വ്യക്തമാക്കുമോ? | (ഇ) | ധനസംബന്ധമല്ലാത്ത കേസുകളിൽ മാത്രമാണ് ആർബിട്രേഷൻ കോടതി വിധി പറയുന്നത്. ധനസംബന്ധമായ കേസുകൾ തീർപ്പാക്കുന്നത് ആർബിട്രേറ്റർമാരാണ്. ആർബിട്രേറ്റർമാർ പുറപ്പെടുവിക്കുന്ന അവാർഡുകളിൽ പറയുന്ന വ്യവസ്ഥ പ്രകാരമാണ് അവാർഡ് തുകയ്ക്ക് മേൽ പലിശ ഈടാക്കുന്നത്. അല്ലാതെ ഇതിന് പ്രത്യേക നിയമമില്ല. അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്കിൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ സംവിധാനങ്ങളെ ദുരുപയോഗപ്പെടുത്തി കണക്കുകളിൽ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതിനാലും കമ്പ്യൂട്ടറിലെ രേഖകളിൽ അപാകതകൾ ഉള്ളതിനാലും ടി ബാങ്കിൽ ഇത്തരത്തിൽ പലിശ കണക്കാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**